# COMMON COURSE MALAYALAM

## BA / BSC / BTTM / PSYCHOLOGY

## THIRD SEMESTER

## 2019 ADMISSION

**Prepared by**

***Rasitha Kavungal***

***Assistant professor***

***Department of Malayalam***

***CPA COLLEGE OF GLOBAL STUDIES***

***Puthanathani.***

# MAL3A09

മൂന്നാം സെമസ്റ്റർ

കോമൺ കോഴ്സ് ബി.എ/ ബി എസ്സി.

**മലയാള സാഹിത്യം**

**ക്രെഡിറ്റ് – 4**

**പഠനക്കുറിപ്പുകൾ**

പഠന സമയം 80 മണിക്കൂർ

.............................................................................................

**ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

നാടകം, തിരക്കഥ , ആത്മകഥ, സഞ്ചാര സാഹിത്യം . തുടങ്ങിയ സാഹിത്യശാഖകളെക്കുറിച്ച് സാമാന്യ ധാരണ വിദ്യാർത്ഥികൾക്ക് ലഭിക്കുക .

.....................................................................................

## മൊഡ്യൂൾ 1 : നാടകം

നാടകവും നാടക സാഹിത്യ ചരിത്രവും മനസ്സിലാക്കുക.

പാഠഭാഗങ്ങൾ

1. ഭരതവാക്യം : ജി. ശങ്കരപ്പിള്ള
2. തനതുനാടക ദർശനം : വയലാ വാസുദേവൻ പിള്ള

## മൊഡ്യൂൾ 2 : തിരക്കഥ

- ചലചിത്രകലയെ കുറിച്ചുള്ള സാമാന്യമായ ഒരു ധാരണ ഉണ്ടാക്കുക.
- തിരക്കഥ എന്ന സാഹിത്യ വിഭാഗത്തെ മനസ്സിലാക്കുക.

പാഠഭാഗങ്ങൾ

1. പെരുന്തച്ചൻ ( തിരക്കഥ) : എം ടി വാസുദേവൻ നായർ.

2.സംവിധായകന്റെ കല (ലേഖനം) : അടൂർ ഗോപാല കൃഷ്ണൻ.

## മൊഡ്യൂൾ - 3 : ആത്മകഥ, സ്മരണ .

(ആത്മകഥയും സ്മരണയും എന്തെന്നും അവയെ പരിചയപ്പെടലും)

**പാഠഭാഗങ്ങൾ**

1. ഒരച്ഛൻറ ഓർമ്മക്കുറിപ്പുകൾ - പ്രൊഫ. ഈച്ചരവാര്യർ

2.പുഷ്പ ഗോപുരം (കവിയുടെ കാൽപാടുകൾ) : പി കുഞ്ഞിരാമൻ നായർ

3.കെടാത്ത തീനാളങ്ങൾ (കണ്ണീരും കിനാവും ) : വിടി ഭട്ടതിരിപ്പാട്

4.നീലക്കടലാസിൽ പൊതിഞ്ഞ പച്ചക്കുതിര : റോസി തോമസ്

## മൊഡ്യൂൾ - 4: സഞ്ചാര സാഹിത്യം

മലയാള സഞ്ചാര സാഹിത്യ ശാഖയെ പറ്റി ധാരണ ഉണ്ടാക്കുക.

പാഠഭാഗങ്ങൾ

1. ഹിമവാന്റെ മുകൾത്തട്ടിൽ : രാജൻ കാക്കനാടൻ .

# മൊഡ്യൂൾ - 1

# 1.ഭരതവാക്യം (നാടകം)

## ജി ശങ്കരപ്പിള്ള

- 1930 ജൂൺ 22 ന് ജനനം. 1989 ജനവരി 1ന് മരണം.
- സ്നേഹ ദൂതൻ , പൂജാമുറി, ബന്ദി, ഭരതവാക്യം, പൊയ്മുഖങ്ങൾ, ഏകാകി തുടങ്ങി ഒട്ടേറെ കൃതികൾ രചിച്ചു.
- കേരള സാഹിത്യ അക്കാദമി, കേന്ദ്ര സംഗീത നാടക അക്കാദമി, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവയുടെ അവാർഡുകൾ ലഭിച്ചു.




**നാടകത്തിലൂടെ**

- ജി ശങ്കരപ്പിള്ളയുടെ നാടകമാണ് ഇത്.
- നടൻ , മിത്രം, നടി, രാത്രിഞ്ചരൻമാർ തുടങ്ങിയ കഥാപാത്രങ്ങൾ ആണ് ഇതിൽ ഉള്ളത്.
- ഒരു മനശാസ്ത്രജ്ഞനെ പോലെയാണ് നാടകകൃത്ത് ഈ നാടകത്തെ അവതരിപ്പിച്ചത്.
- സ്വന്തം മനസ്സിനെ വിലയിരുത്തുന്ന തിരിച്ചറിയുന്ന ഒരു രീതി.
- രംഗ സജ്ജീകരണവും പ്രത്യേകത നിറഞ്ഞതാണ്.
- ഒരു കണ്ണാടി വേദിയിൽ വച്ചതിൽ വലിയ പ്രാധാന്യം ഉണ്ട് .
- ഒരാളുടെ പ്രയാസ ഘട്ടത്തിൽ അവരുടെ ദുഃഖത്തിൽ അത് കണ്ട് സന്തോഷിക്കുന്നവരെ രാത്രിഞ്ചരൻമാരിലൂടെ കാണിക്കുകയാണ്.
- ഈ നാടകത്തിൽ ധാരാളം മിത്തുകളെ പ്രയോചനപ്പെടുത്തിയിട്ടുണ്ട്.
- ഓരോ സന്ദർഭത്തിനും അത് വളരെ യോജ്യമാണ് എന്ന് കാണാം.

- നീലക്കണ്ണാടിയിലൂടെ നാം കാണുന്നത് ഭൂതകാലത്തെയാണ്.



- നാടക നടനായിഅഭിനയിക്കുന്ന ആൾ തന്നെയാണ് മിത്രം എന്ന കഥാപാത്രമായി വരുന്നത്.
- നടൻറ മന:സാക്ഷിയാണ് മിത്രം എന്ന് പറയാം.
- കഴിഞ്ഞ കാലത്ത് നടൻ ചെയ്ത പാപത്തെ വിലയിരുത്തുകയും തിരുത്തുകയും ചെയ്യുകയാണ് മിത്രം എന്ന കഥാപാത്രം.
- സ്വന്തം വളർച്ചക്ക് വേണ്ടി രോഗാവസ്ഥയിൽ കിടക്കുന്ന സഹോദരിയുടെ താലിമാല ഊരി ആശുപത്രിയിൽ നിന്ന് നാട് വിടുന്ന നടൻ.
- സമ്പന്നനായി പണത്തിൽ മതിമറന്ന് ജീവിച്ചു.
- സ്വന്തം മാതാപിതാക്കളെ നോക്കിയില്ല.അവരുടെ മനസ്സ് കണ്ടില്ല.
- കാമുകിയെ മന:പൂർവം ഒഴിവാക്കി ഇതെല്ലാം അവസാനം വലിയ ഭാരമായി അനുഭവിക്കേണ്ടി വരികയാണ് നടന്.

……………………………………………………………………………………………………………………………………………………………………………………………

# 2. തനതുനാടക ദർശനം (ലേഖനം)

## വയലാ വാസുദേവൻ പിള്ള


**നാടക ചരിത്രം .**

- ലോകത്തിൽ പഴക്കമുള്ള സാഹിത്യരൂപങ്ങളിൽ ഒന്നാണ് നാടകം. നാടകത്തിന് അതിന്റേതായ സവിശേഷതകൾ ഉണ്ട്.
- മറ്റ് സാഹിത്യരൂപങ്ങളിൽ നിന്നൊക്കെ നാടകത്തെ വ്യത്യസ്തമാക്കുന്നത് അരങ്ങ് ആണ്.
- അവിടെ പ്രേക്ഷകർക്ക് നേരിട്ട് ആസ്വാദനം ലഭിക്കും.
- ഗ്രീക്കിൽ സോഫോക്ലിസ്, അരിസ്റ്റോഫിനീസ്, യൂറി ഫെഡിസ് തുടങ്ങിയവരുടെ ട്രാജഡി നാടകങ്ങൾ BC കാലഘട്ടത്തിൽ തന്നെ ഉണ്ടായിരുന്നു.
- ഭാരതത്തിൽ ഭാസനും കാളിദാസനും ഉണ്ട്.
- ഇംഗ്ലണ്ടിൽ പതിനേഴാം നൂറ്റാണ്ടിൽ വന്ന വില്യം ഷേക്സ്പിയർ നാടകങ്ങൾ വിക്ടോറിയൻ നാടക വേദിയിൽ അവതരിപ്പിക്കപ്പെട്ടു.
- യൂറോപ്പിൽ ഉണ്ടായ വ്യത്യസ്ത ചിന്തകൾ എപ്പിക് നാടകങ്ങളിലേക്കും ദരിദ്ര നാടകങ്ങൾ അസംബന്ധ നാടക വേദി തുടങ്ങിയവ ഉണ്ടായി.
- സംസ്കൃത നാടക വിവർത്തനത്തിലൂടെ മലയാളത്തിൽ ആദ്യ നാടം ഉണ്ടായി.
- 1882 - ൽ കേരള വർമ്മ വലിയകോയിതമ്പുരാൻ കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം മലയാളത്തിലേക്ക് കൊണ്ടുവന്നു.
- അതിന് മുമ്പ് കേരളീയമായ നാടകാവതരണങ്ങൾ ഉണ്ടായിരുന്നു.



- ക്ലാസിക്കൽ കലകളായ കഥകളി, കൂടിയാട്ടം തുടങ്ങിയവയും ഇതിന്റെ ഭാഗമായി ഉണ്ടായിരുന്നു.
- കൊയ്ത്ത് പാടങ്ങളിൽ അരങ്ങേറിയിരുന്ന വെള്ളരി നാടകങ്ങൾ, കാക്കരിശ്ശിനാടകം, പൊറാട്ട് നാടകം എല്ലാം നാടോടി രംഗാവതരണ നാടകങ്ങൾക്ക് ഉദാഹരണമാണ്.
- 1882 ന് ശേഷം ധാരാളം വിവർത്തന നാടകങ്ങൾ മലയാളത്തിലേക്ക് വന്നു.
- ഗദ്യപദ്യ മിശ്രമായ ശൈലി അവയിൽ കാണാം.
- തമിഴ് സംഗീത നാടകങ്ങളുടെ സ്വാധീനത്തിൽ ഉണ്ടായ നാടകമാണ് കെ.സി.കേശവപ്പിള്ളയുടെ സദാരാമ എന്ന നാടകം.

- സംഗീത നാടകമായിരുന്നു സദാരാമ.
- അന്ന് ഇറങ്ങിയ അർത്ഥരഹിതമായ രചനകളെ പരിഹസിച്ച് കൊണ്ട് മുൻഷി രമക്കുറുപ്പ് ചക്കീചങ്കരം എന്ന നാടകം ഇറക്കി.




- തുടർന്ന് ശീവൊള്ളിയുടെ ദുഷ് സ്പർശ നാടകം വന്നു.
- കൊച്ചിപ്പൻ തരകന്റെ മറിയാമ്മ നാടകം പ്രാധാന്യം ഉള്ളതാണ്. തനി നാടൻ സംഭാഷണമാണ് ഇതിലെ രീതി.
- ടി സി അച്ചുത മേനോന്റെ സംഗീത നാടക നൈഷധം മറ്റൊന്നാണ്.
- തിരുവനന്തപുരത്തെ അമേച്വർ നാടക വേദിക്ക് വേറൊരു മുഖം നൽകിയ നാടകമായിരുന്നു സി.വി രാമൻ പിള്ളയുടെ പ്രഹസനങ്ങൾ.

CPA COLLEGE OF GLOBAL STUDIES

# മൊഡ്യൂൾ-2

## തിരക്കഥ

## 1.പെരുന്തച്ചൻ

### എം ടി വാസുദേവൻ നായർ

### ഐതിഹ്യവും മിത്തും

- മിത്തുകൾ സ്വപ്നങ്ങൾക്ക് തുല്യമാണ്.
- സ്വപ്നം വ്യക്തി മനസ്സിൽ വിരിയുന്ന സ്വാനുഭവത്തിന്റെ പ്രതിഫലനവും ആണ് .
- സാഹിത്യ ഉപാധി എന്ന നിലയിൽ മിത്തുകൾക്ക് ഇന്ന് പ്രാധാന്യം ഏറെയുണ്ട്.
- മനുഷ്യമനസ്സിനെ സംസ്ക്കരിക്കാൻ സാഹിത്യത്തിന് കഴിയും.
- എഴുത്തുകാർ മിത്തിനെ സൃഷ്ടിക്കുകയും ഉപജീവിക്കുകയും ചെയ്യും.
- ഒരു മിത്തിനെ പലരും പല രീതിയിൽ കൈകാര്യം ചെയ്യും.
- മിത്തുകളെ സാഹിത്യ നിർമ്മിതിയിൽ കൊണ്ടുവന്ന പ്രഗത്ഭനായ എഴുത്തുകാരനാണ് എംടി വാസുദേവൻ നായർ.




- തന്റെ മനസ്സിന്റെ സംഘർഷങ്ങൾക്കുള്ള ഉപാധിയായി അവയെ മാറ്റി.
- രണ്ടാമൂഴത്തിലെ ഭീമനും ഒരു വടക്കൻ വീരഗാഥയിലെ ചന്തുവും പെരുന്തച്ചനും വൈശാലിയും എല്ലാം ഉദാഹരണമാണ്.
- അവഗണനയുടെ വേദനയും കയ്പും ഇതിലെല്ലാം എം ടി വ്യക്തമാക്കിയിട്ടുണ്ട്.
- കാലങ്ങളായി മനുഷ്യമനസ്സിൽ വേരൂന്നി നിന്ന ഒരു മിത്തിനെ ജനകീയമാക്കി പുനർവിചിന്തനത്തിന് വഴിയൊരുക്കി.

**മിത്ത് ചലചിത്രമാകുന്നു.**

- തന്നെക്കാൾ കരവിരുത് കാണിച്ച സ്വന്തം മകനെ അസൂയ മൂത്ത് ഉളിയെറിഞ്ഞ് കൊല ചെയ്ത അച്ഛനാണ് ഐതിഹ്യകഥയിലെ പെരുന്തച്ചൻ ,

- ഈ പുരാവൃത്തത്തെ അടിസ്ഥാനമാക്കി 1990 ൽ ഇറങ്ങിയ മലയാള ചലചിത്രമാണ് പെരുന്തച്ചൻ .അജയനാണ് സംവിധായകൻ.



- രാമൻ പെരുന്തച്ചനായി അഭിനയിച്ചത് തിലകനാണ്.
- 1990 ലെ മികച്ച നടനുള്ള കേരള സംസ്ഥാന ചലചിത്ര അവാർഡ് തിലകന് ലഭിച്ചു.

**കഥാസാരം**

- കൊളത്തൂർ കോവിലകത്തെ ഭാർഗ്ഗവി തമ്പുരാട്ടി .
- ഭർത്താവ് ഉണ്ണിത്തമ്പുരാൻ.
- ഉണ്ണി തമ്പുരാനും രാമൻ പെരുന്തച്ചനും ബാല്യകാല സുഹൃത്തുക്കൾ .
- പത്തിരുപത് വർഷത്തിന് ശേഷം ഇരുവരും കണ്ടുമുട്ടി.
- കോവിലകത്തെ ക്ഷേത്ര പ്രതിഷ്ഠക്കുള്ള സ്വയംവര ദുർഗ്ഗയുടെ വിഗ്രഹം.
- വിഗ്രഹം കൊത്താൻ പെരുന്തച്ചനെ ഏൽപിച്ചു.
- കുഞ്ഞുങ്ങളില്ലാത്ത കോവിലകത്തിന്റെ നിമിത്തം പറഞ്ഞതിൽ ഭാർഗ്ഗവി തമ്പുരാട്ടി സംശയിക്കുന്നു.
- കല്ലിൽ സപ്തസ്വരങ്ങൾ തീർത്ത് പെരുന്തച്ചൻ തമ്പുരാട്ടിക്ക് മുമ്പിൽ അത്ഭുത പ്രതിഭയായി.




- സ്വയംവര ദുർഗയുടെ രൂപം തമ്പുരാട്ടിയിൽ കണ്ടു.
- വിഗ്രഹത്തിന് തമ്പുരാട്ടിയുടെ മുഖഛായ ഉണ്ടായി.
- പൂർത്തിയായ വിഗ്രഹം ആദ്യം തമ്പുരാട്ടി കാണാൻ പെരുന്തച്ചൻ ആഗ്രഹിച്ചു.
- അസമയത്ത് തമ്പുരാട്ടിയുടെ അറക്കരികിലെത്തി.
- വാതിൽ അടഞ്ഞത് കണ്ട് മടങ്ങി.
- മുകളിൽ നിന്ന് പടി ഇറങ്ങിവരുന്ന പെരുന്തച്ചനെ കണ്ട് തമ്പുരാൻ സംശയിക്കുന്നു.
- രാമനെ അറിയിക്കാതെ തമ്പുരാൻ വിഗ്രഹം എടുപ്പിച്ചു. പ്രതിഷ്ഠാകർമ്മങ്ങൾ തുടങ്ങി.

- ആശാരി തൊട്ട് അശുദ്ധമാക്കണ്ട വിഗ്രഹം എന്ന് പറഞ്ഞ് പെരുന്തച്ചനെ മാറ്റി നിർത്തി.
- മനം നൊന്ത് പെരുന്തച്ചൻ നാട് വിട്ടു.
- ക്ഷേത്ര ദർശനത്തിനെത്തിയ തമ്പുരാട്ടി പെരുന്തച്ചനെ കാണുന്നു.
- ഗർഭിണിയാണെന്നും ചന്ദന തൊട്ടിൽ ഉണ്ടാക്കാൻ കോവിലകത്തേക്ക് വരണമെന്നും അറിയിച്ചു.
- തമ്പുരാന്റെ സംശയവും ദേഷ്യവും അതിന് തടസ്സമായി .
- കാലം കടന്ന് പോയി.
- ഭാർഗവി തമ്പുരാട്ടി മരിക്കുന്നു.
- മകൾ കുഞ്ഞിക്കാവ് വളർന്ന് സുന്ദരിയായി.
- പെരുന്തച്ചന്റെ മകൻ കണ്ണൻ സകലകലാ വിരുതുള്ളവനായി വളർന്നു.
- പണിയിൽ അച്ഛനേക്കാൾ കേമനായി.
- ഒരമ്പലത്തിൽ പണി ചെയ്തിരിക്കവെ കുഞ്ഞിക്കാവ് കണ്ണനെ കാണുന്നു.
- പൂണൂല് ധരിച്ചതിനാൽ കണ്ണൻ ബ്രാഹ്മണനെന്ന് അവൾ കരുതി.
- ഇരുവരും ഇഷ്ടത്തിലായി.
- കോവിലകത്തെ സരസ്വതീ മണ്ഡപം പണിയാൻ തമ്പുരാൻ കണ്ണനെ വിളിച്ചു.
- നീലകണ്ഠനായിരുന്നു മേൽനോട്ടം.
- കുഞ്ഞിക്കാവും നീലകണ്ഠനുമായി വിവാഹം ഉറപ്പിച്ചു.
- കുഞ്ഞിക്കാവ് കുറച്ച് സാവകാശം വേണമെന്ന് അറിയിക്കുന്നു.
- മണ്ഡപത്തിന്റെ പണിക്കിടയിൽ കണ്ണനും കുഞ്ഞിക്കാവും കൂടുതൽ അടുത്തു.
- വിവരം തമ്പുരാനും നീലകണ്ഠനും അറിഞ്ഞു.
- തമ്പുരാൻ പെരുന്തച്ചനെ വിളിപ്പിക്കുന്നു.
- ഒന്നും സംഭവിക്കാതെ താൻ നോക്കിക്കൊള്ളാമെന്ന് പെരുന്തച്ചൻ ഉറപ്പ് കൊടുത്തു.
- മനസ്സുകൊണ്ടടുത്ത അവരെ വേർപിരിക്കാൻ കഴിയില്ലെന്ന് പെരുന്തച്ചൻ മനസ്സിലാക്കി.
- ആ ബന്ധം വലിയ ദുരന്തം ഉണ്ടാക്കുമെന്ന് പെരുന്തച്ചൻ മനസ്സിലാക്കി.
- മണ്ഡപത്തിന്റെ മുകളിൽ കൂടം അടുപ്പിക്കുന്നതിനിടക്ക് കയ്യിലിരുന്ന വീതുളി തേഴേക്കിട്ടു.
- കുഞ്ഞിക്കാവിനെ നോക്കി രസിച്ചിരിക്കുന്ന കണ്ണന്റെ കഴുത്തിലേക്ക് വീതുളി വീണു.
- തമ്പുരാനോടുള്ള സ്നേഹവും രാജ്യരക്ഷയുമാണ് പെരുന്തച്ചന്റെ പ്രവൃത്തിക്ക് കാരണമായി എംടി കണ്ടെത്തുന്നത്.
- പഴമയേയും പുതു തലമുറയുടെ കാഴ്ചപാടുകളേയും തൻമയത്വത്തോടെ എംട്ടി അവതരിപ്പിച്ചു.


..........................................................................................................................................................................................................................

# 2. തിരക്കഥാ സാഹിത്യം

## സംവിധായകന്റെകല

## അടൂർ ഗോപാലകൃഷ്ണൻ

- ചലചിത്രമാക്കത്തക്കവിധം രൂപപ്പെടുത്തിയ കഥയാണ് തിരക്കഥ .
- മലയാള സിനിമ എന്ന മാധ്യമം പരിചയപ്പെടുമ്പോൾ ആദ്യമായി ചരിത്രം അറിയണം.
- സാമൂഹികമായ ആശയത്തെ ആവിഷ്ക്കരിച്ചു കൊണ്ടാണ് മലയാള സിനിമയുടെ തുടക്കം.
- 1928 നവംബർ 7 ന് തിരുവനന്തപുരത്തെ കാബിനറ്റ് ഹാളിലെ തിയേറ്ററിൽ ആണ് ആദ്യ പ്രദർശനം നടന്നത്.
- തോമസ് ആൽവ എഡിസന്റെ ലാബിൽവച്ച് ഗിനിറ്റോസ് സ്കോപ്പ് എന്ന ഉപകരണം കണ്ടുപിടിച്ചു.
- അത് സിനിമയെ സ്ക്രീനിലെത്തിച്ചു.
- ലൂമിയർ സഹോദരങ്ങൾ ആണ് ചലചിത്രത്തിന്റെ ഉപജ്ഞാതാക്കൾ .
- സ്റ്റാർ ഫിലിംസ് എന്ന പേരിൽ അവർ നിർമ്മാണ വിതരണ കമ്പനി തുടങ്ങി.
- അത് ലോകത്തിലെ ആദ്യത്തെ കമ്പനിയായി മാറി.
- 1898 ജൂലൈ 7 ന് ബോംബെയിൽ വാട്ട്സൺ ഹോട്ടലിലെ ഊൺ മുറിയിൽ ഇന്ത്യയിലെ ആദ്യ സിനിമാ പ്രദർശനം നടന്നു.
- ദന്തിരാജ് ഗോവിന്ദ ഫാൽകെ ( ദാദാ സാഹിബ് ഫാൽകെ ) ആണ് ഇന്ത്യൻ സിനിമയുടെ പിതാവ്.
- ഇന്ത്യയിൽ ആദ്യത്തെ നിശബ്ദ ചിത്രം രാജാഹരിശ്ചന്ദ്രൻ (1913 )ദാദാ സാഹിബ് നിർമ്മിച്ചു.



- ഇതിലെ നായികയായി ഒരു യുവാവാണ് വേഷമിട്ടത്.
- ആർദേശിർ ഇറാനി നിർമ്മിച്ച ആലം ആര (1931)ആണ് ഇന്ത്യയിലെ ആദ്യത്തെ ശബ്ദ ചിത്രം .
- മലയാളത്തിലെ ആദ്യ നിശബ്ദ ചിത്രം 1928 ൽ ജെസി ഡാനിയേൽ കൊണ്ടുവന്നു.
- രണ്ടാമത്തെ നിശബ്ദ ചിത്രം 1933 ൽ ഇറങ്ങിയ മാർത്താണ്ഡ വർമ്മ ജെ സി ഡാനിയേൽ ഇറക്കി.
- കേരളത്തിലെ ആദ്യത്തെ സിനിമാ സ്റ്റുഡിയോ ദ ട്രാവൻകൂർ നാഷണൽ പിക്ചേഴ്സ് എന്ന പേരിൽ തുടങ്ങി.
- 1938 ൽ ടി ആർ സുന്ദരൻ നിർമ്മിച്ച ബാലൻ ആണ് മലയാളത്തിലെ ആദ്യത്തെ ശബ്ദ ചിത്രം.
- 1906 ൽ കോഴിക്കോട് ആദ്യത്തെ ചലചിത്ര പ്രദർശനം നടന്നു.
- 1948 ൽ ആദ്യത്തെ സിനിമാ സ്റ്റുഡിയോ ആലപ്പുഴയിൽ സ്ഥാപിതമായി.

- ജീവിത നൗക (1951) വ്യാപാര വിജയം നേടിയ ആദ്യ സിനിമയായി.
- 1954 ൽ വന്ന നീലക്കുയിൽ ദേശീയ ശ്രദ്ധ നേടി.
- 1960 മുതൽ ധാരാളം മലയാള സിനിമകൾ നിർമ്മിക്കാൻ തുടങ്ങി.
- 1961 ൽ ആദ്യത്തെ കളർ ചിത്രമായ കണ്ടം വെച്ച കോട്ട് ഇറങ്ങി.
- 1966 ൽ ഇറങ്ങിയ രാമു കാര്യാട്ടിന്റെ ചെമ്മീൻ മലയാള സിനിമയിൽ പുതിയ അധ്യായത്തിന് തുടക്കമിട്ടു.അടൂരിന്റെ സ്വയംവരം എന്ന സിനിമ നവസിനിമയുടെ തുടക്കമായി.
- സിനിമയുടെ സാഹിത്യരൂപമാണ് തിരക്കഥ .
- വായനാലോകം എന്നതിനപ്പുറം ദൃശ്യത്തെ മുന്നിൽ കണ്ടാണ് ഇത് രചിക്കുന്നത്.
- എംടി, അടൂർ തുടങ്ങിയവരെ പോലുള്ള എഴുത്തുകാരിലൂടെയാണ് തിരക്കഥക്ക് മൂല്യം കൈവന്നത്.

……………………………………………………………………………………………………………………………………………………

# മൊഡ്യൂൾ-3

## 1.ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ.


**ഈച്ചരവാര്യർ**


- 1976 ഫെബ്രുവരി 29ന് തിങ്കളാഴ്ച രാവിലെ കോളേജിൽ എത്തിയപ്പോൾ രാജനെ പോലീസ് അറസ്റ്റ് ചെയ്ത വിവരം അറിഞ്ഞു.
- തലേന്ന് പണം വാങ്ങാനായി രാജൻ കേരള ഭവൻ ലോഡ്ജിൽ വന്നിരുന്നു.
- വെക്കേഷന് വീട്ടിലെത്താം എന്നും പറഞ്ഞാണ് മടങ്ങിയത്.
- ഈച്ചരവാര്യർ ചാത്തമംഗലം എത്തിയപ്പോൾ രാജനെ കക്കയത്തെ ക്യാമ്പിലേക്ക് കൊണ്ടുപോയതായി അറിഞ്ഞു.
- ജയറാം പടിക്കൽ ആയിരുന്നു ക്യാമ്പ് അധികാരി .
- ആ അച്ഛനെ പോലീസ് അവിടെ നിന്നും മകനെ കാണിക്കാതെ മടക്കി .
- കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. വഹാബുദ്ദീൻ കക്കയം ക്യാമ്പിൽ എത്തിയപ്പോഴും ജയറാം പടിക്കൽ നീചമായാണ് പെരുമാറിയത്.
- മാതൃഭൂമി റിപ്പോർട്ടറായ സാദിരിക്കോയ അറിയിച്ച വിവരത്തെപ്പറ്റി അയാൾ ഓർത്തു.
- ഒരു നക്സൽ താവളം കാണിക്കാനായി കൊണ്ടുപോകുമ്പോൾ രാജൻ ജീപ്പിൽ നിന്ന് ഓടി രക്ഷപ്പെട്ടു എന്ന വിവരം.
- അതൊരു പ്രതീക്ഷയായി , കാത്തിരിപ്പായി.




- ഒരോ ദിവസം കടന്നുപോകുമ്പോഴും രാത്രി ഒരിലച്ചോറ് മകനായി കരുതിവയ്ക്കാൻ ഈച്ചരവാര്യർ ഭാര്യയായ രാധയോട് പറയും.
- "അച്ഛാ" എന്ന വിളിക്ക് കാതോർത്ത് ആ അച്ഛൻ ഉമ്മറവാതിൽ അടക്കാതെ കിടന്നുറങ്ങും.
- രാജൻ ഉരുട്ടിക്കൊല.
- കാഴിക്കോട് റീജ്യണൽ എഞ്ചിനീയറിംഗ് കോളേജ് പരിപാടിക്ക് കരുണാകരനെ കളിയാക്കി ഗാനം അവതരിപ്പിച്ച രാജൻ .
- പിറ്റേന്ന് പുലർച്ചെ പോലീസ് രാജനെ നക്സലൈറ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്തു.
- കക്കയത്തെ ലോക്കപ് മർദ്ദനത്തിൽ രാജൻ മരിച്ചു.
- എസ്.ഐ പുലിക്കോട്ടിൽ നാരായണന്റെ ക്രൂര മർദനമാണ് മരണകാരണ൦.
- തെളിവ് നശിപ്പിക്കാൻ മൃതശരീരം വയറ് കുത്തിക്കീറി ഉരക്കുഴി വെള്ളച്ചാട്ടത്തിൽ എറിഞ്ഞു.

- പഞ്ചാരയിട്ട് കത്തിച്ചു.



- അടിയന്തരാവസ്ഥയിലെ പീഡിതർക്ക് സമർപ്പിച്ച് കൊണ്ടാണ് ആത്മകഥ തുടങ്ങുന്നത്.
- രാജന്റെ മരണത്തിന്റെ 30 വർഷങ്ങൾക്ക് ശേഷമാണ് ആത്മകഥ എഴുതിയത്.

**പാഠഭാഗത്തിലൂടെ**

- 1976 മാർച്ച് 10 ന് ഈച്ചരവാര്യരും ശിഷ്യനായ ആർ സുരേന്ദ്രനും തിരുവനന്തപുരത്തെത്തി.
- ആഭ്യന്തര മന്ത്രി കെ.കരുണാകരനെ കാണാനാണ് പോയത്.
- ഔദ്യോകിക വസതിയായ മൻമോഹൻ പാലസിലാണ് കരുണാകരനും കുടുംബവും താമസിച്ചിരുന്നത്.
- സുരേന്ദ്രൻ കോൺഗ്രസ് പ്രവർത്തകനും കരുണാകരന്റെ വീടിനകത്ത് പ്രവേശിക്കാൻ സ്വാതന്ത്ര്യം ഉള്ളവനുമായിരുന്നു.
- കരുണാകരൻഈച്ചരവാര്യരെ ആശ്ലേഷിച്ചു.
- രാജനെന്ന പേര് കേട്ടപ്പോൾ കരുണാകരന്റെ മുഖം മാറി.
- ഈച്ചരവാര്യർ മകൻ തെറ്റ് ചെയ്തിട്ടില്ലെന്ന് പറഞ്ഞു.
- കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമം നടക്കുമ്പോൾ രാജൻ ഫറൂഖ് കോളേജ് കലോത്സവത്തിൽ പങ്കെടുക്കുകയായിരുന്നു.
- രാജൻ ആട്സ് സെക്രട്ടറിയായിരുന്നു.
- അന്വേഷിച്ച് വിവരം അറിയിക്കാമെന്ന് പറഞ്ഞ് കരുണാകരൻ അവരെ യാത്രയാക്കി.

CPA COLLEGE OF GLOBAL STUDIES

# 2. പുഷ്പ ഗോപുരം

## (കവിയുടെ കാല്പാടുകൾ)

**പി കുഞ്ഞിരാമൻ നായർ**

- ജനനം : 1905 ഒക്ടോബർ 04 മരണം : 1978 മെയ് 27
- ആത്മകഥ : കവിയുടെ കാല്പാടുകൾ .
- പ്രശസ്ത കാല്പനിക കവി
- പ്രകൃതി സൗന്ദര്യം കവിതയിലേക്ക് ആവാഹിച്ച കവി.




- പ്രണയത്തേയും പ്രകൃതിയേയും സ്വയം ആവാഹിച്ചു.

**പാഠഭാഗത്തിലൂടെ**

- പ്രകൃതി വർണ്ണനയോടെ ആരംഭിക്കുന്നതാണ് പാഠഭാഗം .
- കരിമേഘം. കടുംനീല മല , ഋതു സുന്ദരിയായ താഴ്‌വര ഇവയെ മനോഹരമായി വിവരിക്കുന്നുണ്ട്.
- അനന്തമായ ഒരു യാത്രയായി ജീവിതത്തെ കാണുന്നു.
- കൊഴിഞ്ഞ പൂക്കാലം പോലെ താമരക്കുളത്തെ ഇതിൽ സാമ്യപ്പെടുത്തുന്നുണ്ട്.
- അച്ഛനെ ഇതിൽ ചര മാർക്കനായി കണ്ടു.
- അമ്മയെ നിലാവായി കണ്ടു.





- അന്ത്യ നിമിഷത്തിൽ അച്ഛന് വെള്ളം കൊടുക്കാൻ കഴിയാത്തതിൽ വിഷമിക്കുന്നു.
- അമ്മക്ക് ഓണക്കോടി കൊടുക്കാൻ കഴിയാത്തതിൽ ദു:ഖിതനാകുന്ന കവിയെ ഇതിൽ കാണാം.
- നാട് വിട്ട് പോയതിന് ശേഷം ഷഷ്ടിപൂർത്തി ആഘോഷിക്കാനാണ് നാട്ടിൽ എത്തുന്നത്.
- നാടും വീടും പിറന്നാൾ ആഘോഷമാക്കിയത് കാണുന്നു.
- നാട് സ്വീകരണവും സ്നേഹവും നൽകി കവിയെ അത്ഭുതപ്പെടുത്തി.
- വീണ്ടും സഞ്ചാരിയാകുന്ന കവി.

# 3. കെടാത്ത തീ നാളങ്ങൾ

**വി ടി ഭട്ടതിരിപ്പാട്.**

- വെള്ളിത്തിരുത്തി താഴത്ത് രാമൻ ഭട്ടതിരിപ്പാട് എന്ന് മുഴുവൻ പേര്.
- ജനനം : 1896 മാർച്ച് 26.
- മരണം : 1982 ഫെബ്രുവരി 12.
- മേഴത്തൂർ കൈപ്പിള്ളി മനയിൽ ആണ് വിടി ജനിച്ചത്.
- സാമൂഹിക നവോത്ഥാന നായകനായിരുന്നു.
- നാടകകൃത്ത്, ഉപന്യാസ കാരൻ .




- ഒഴുക്കിനെതിരെ നീന്തിയ നായകൻ.
- പഴയ അനാചാരങ്ങളെ തച്ചുടച്ചു.
- പുതിയ ആശയങ്ങൾ പ്രതിഷ്ഠിച്ചു.
- പരിവേദം, അധിവേദനം, സ്മാർത്തവിചാരം എന്നിവയെ പരിഷ്കരിച്ചു.

**പാഠഭാഗം**

- ശാന്തിക്കാരനായി മുണ്ടു മുക ശാസ്താംകാവ് ക്ഷേത്രത്തിൽ ജോലി ചെയ്ത അനുഭവമാണ് വിവരിക്കുന്നത്.
- അഫ്പ്പൻ നമ്പൂതിരി ആയതിനാൽ ധാരാളം വിഷമങ്ങൾ നേരിട്ടു.
- യൗവന കാലത്ത് ശരീരത്തോട് കാമുകിയോട് തോന്നുന്ന പ്രണയം .




- സഹായിയായ വാരസ്യാരമ്മ, ദൗഹിത്രി അമ്മുക്കുട്ടി ഇവർ വിടിയുടെ ജീവിതത്തെ സ്വാധീനിച്ചു.
- അക്ഷരാഭ്യാസമില്ലാത്ത അവസ്ഥ തീയാടി പെൺകുട്ടിയിലൂടെ തിരിച്ചറിഞ്ഞു.
- പ്രണയ നഷ്ടം മനസ്സിനെ വേദനിപ്പിച്ചു.

# 4. നീലക്കടലാസിൽ പൊതിഞ്ഞ പച്ചക്കുതിര

**റോസി തോമസ്**

- എംപി പോളിന്റെ മകൾ ആയിരുന്നു റോസി തോമസ്
- ഇവൻ എന്റെ പ്രിയ സിജെ , ആനി എന്നീ കൃതികളും ബൊക്കാച്ചിയോ കഥകൾ, ജോർജ് ഓർവെലിന്റെ ആനിമൽ ഫാം എന്നീ വിവർത്തനങ്ങളും ചെയ്തു.
- 1927 - 2009 ആണ് ജീവിത കാലഘട്ടം.






**പാഠഭാഗത്തിലൂടെ**

- ഒരു ഭാര്യ മൺമറഞ്ഞുപോയ ഭർത്താവിന് അർപ്പിക്കുന്ന പ്രേമോപഹാരം ആണ് ഇത്.
- സി ജെ തോമസ് എന്ന എഴുത്തുകാരന് റോസി തോമസ് എന്ന ഭാര്യ നൽകുന്ന ഉപഹാരം.
- അധ്യാപനായ സി ജെയെ അതേ കോളേജിലെ വിദ്യാർത്ഥിയായ റോസി പ്രേമിച്ചു.
- ജാതി പ്രശ്നം കൊണ്ട് ധാരാളം എതിർപ്പുകൾ ഉണ്ടായി.
- പ്രശ്നകാരണത്താൽ . നാട്ടിൽ നിന്ന് വിട്ട് നിന്ന സി ജെ ക്ക് റോസി ഒരു കവറിൽ പച്ചക്കുതിരയെ അയച്ച് കൊടുക്കുന്നു.
- റോസിയെ പച്ചക്കുതിര എന്നാണ് സി ജെ വിളിച്ചിരുന്നത്.
- ഒരു വിവാദ ഗർഭ കേസിൽ ചേർത്ത് പലരും സി ജെയെ വിമർശിച്ചിരുന്നു.
- പള്ളീലച്ചനാക്കാൻ പിതാവ് ആഗ്രഹിച്ചു. അവിടന്ന് ലോഹ ഊരി ഓടി പോയ ആളാണ് സി ജെ .
- റോസിയോട് ആദ്യമായി പ്രണയം പ്രകടിപ്പിച്ചത് ഒരു ചുംബനത്തിലൂടെയായിരുന്നു.
- അതിന് ശേഷം ഒളിപ്പിച്ച് വച്ച പ്രണയം പണ്ടത്തെ പോലെ തുടരാൻ കഴിയാതെ വന്നു.

.....................................................................................................
.................................

# മൊഡ്യൂൾ-4

## <u>സഞ്ചാര സാഹിത്യം</u>

## ഹിമവാന്റെ മുകൾത്തട്ടിൽ

### രാജൻ കാക്കനാടൻ

### എഴുത്തുകാരനിലൂടെ ...

- ഉൾവിളികൾക്ക് പ്രാധാന്യം കൊടുത്ത എഴുത്തുകാരാണ് കാക്കനാടൻ സഹോദരൻമാർ .
- കഥാകാരനായ ജോർജ് വർഗീസ് കാക്കനാടന്റെ അനുജനാണ് രാജൻ കാക്കനാടൻ .
- മലയാളത്തിലെ ചിത്രകാരനും സാഹസിക യാത്രികനും എഴുത്തുകാരനും ആയിരുന്നു.
- അരവിന്ദന്റെ എസ്തപാൻ സിനിമയിൽ നായകനായി.




- ഡൽഹിയിൽ റയിൽവേ ഉദ്യോഗം രാജിവച്ചു.
- ഹിമാലയത്തിലേക്ക് കാൽ നടയാത്ര നടത്തിയ സാഹസിക പ്രതിഭ.
- തന്റെ നിഴലിനെ മാത്രം സഹയാത്രികനാക്കി.
- അപകടവും ഭീതി ജനകവുമായ പാതകളിലൂടെ 100 ൽ പരം ദൂരം സഞ്ചരിച്ച ധീരൻ .
- ഉദ്വേഗജനകമായ വിവരണത്തിനുടമ.
- ദൃക്സാക്ഷിവിവരണം.
- 1975 ജൂണിൽ ഡൽഹിയിൽ നിന്ന് യാത്ര ആരംഭിച്ചു.
- ജനനം : 1942
- മരണം : 1991
- കൃതികൾ - യാത്രാവിവരണം -അമർനാഥ് ഗുഹയിലേക്ക് , ഹിമവാന്റെ മുകൾത്തട്ടിൽ

- നോവൽ. - നേരമല്ലാത്ത നേരത്ത്.



**പുസ്തകത്തിലൂടെ ....**

- തെക്കൻ രാജസ്ഥാനിലെ ആംബു ശ്രിംഗം.
- അവിടത്തെ ഗണേശ് പോയിന്റ് വിവരിച്ചു കൊണ്ടാണ് ആരംഭം.
- ഗണേശ് പോയിന്റിനടുത്തുള്ള ഒരു ഗുഹയിലാണ് കൃഷ്ണ ശരൺ പാർക്കുന്നത്.
- സാധുവായ നിർവാണി അക്കാഡയിലെ അംഗമാണയാൾ
- ഋഷിശ്രേഷ്ഠനായ വസിഷ്ഠ മഹർഷിയുടെ ശിഷ്യ പരമ്പരയിലെ 108 -മത്തെ ശിഷ്യനായിരുന്നു.
- അദ്ദേഹത്തിൽ നിന്നാണ് കൈലാസത്തെ കുറിച്ച് കേൾക്കുന്നത്.
- അവിടെ നിന്ന് കിട്ടിയ ടാക്സിയിൽ ഹൃഷികേശിലെത്തി.
- ഭക്ത ജനത്തിരക്കുള്ള ഇടം.
- ഗംഗയിൽ കുളിച്ച് ദേവപ്രയാഗിൽ തങ്ങി.
- ഭാഗീരഥിയും അളകനന്ദയും ചേരുന്ന ഇടം.
- ഗംഗയുടെ പോഷകനദിയായ അളകനന്ദ തീരത്തൂടെ നടന്നു.
- ഗഡുവാളി ഗ്രാമത്തിന്റെ പ്രത്യേകതകളിലൂടെ അവരുടെ ജീവ ചിത്രങ്ങൾ പകർത്തി.
- മരണം മണക്കുന്ന താഴ്‌വാരങ്ങളിൽ കഞ്ചാവിന്റെ പുകയിൽ തണുപ്പകറ്റുന്ന കാഷിയ വസ്ത്രധാരികൾ .
- നാഗാ സ്വാമികളുടെ ഗുഹയിലുള്ള താമസവും ചില ത്തിൽ നിറച്ച കഞ്ചാവിന്റെ രൂക്ഷ ഗന്ധവും .
- സോനാ പ്രയാഗിലൂടെ കേദാർനാഥിലേക്ക് .
- ഉത്തരഖണ്ഡിലെ മറ്റ് ക്ഷേത്രങ്ങളെ പോലെ വർഷത്തിൽ 6 മാസം മാത്രമേ തുറക്കൂ .
- കേദാർനാഥിന്റെ ഭംഗി മുഴുവൻ വരികളിൽ ആവാഹിച്ചിട്ടുണ്ട്.
- രുദ്രപ്രയാഗിൽ വച്ച് മന്ദാകിനി നദിയും അളകനന്ദയും പരസ്പരം സന്ധിക്കുന്ന മനോഹരമായ കാഴ്ച വിവരിക്കുന്നുണ്ട്.



- ഡൽഹിയിൽ നിന്ന് മകനയച്ച കത്തിലെ അഡ്രസ്സ് ഏൽപിച്ച് മകനെ കണ്ടെത്തി കൊടുക്കാനപേക്ഷിച്ചു.
- പാലില്ലാത്ത ചായയിൽ ഒരു സൽക്കാരവും .
- ദില്ലിയിൽ വച്ച് ഭായിയെ കണ്ടാൽ നൽകാനായി ആ പെൺകുട്ടി ഒരു പൊതി നൽകി.
- ഭായിക്ക് ഇഷ്ടമുള്ള വെള്ളക്കല്ലുകളാണതിൽ ഉണ്ടായിരുന്നത്.
- അവർക്ക് പ്രതീക്ഷയും സ്വപ്നവും നൽകി യാത്ര തുടർന്നു.
- പാണ്ഡുരംഗയിൽ നിന്ന് നടന്ന് ബദരീ ആശ്രമത്തിലെത്തി.
- സമ്പന്നമായ അദ്വൈതാശ്രമത്തിൽ വച്ച് ഗുണ്ടകൾ ആക്രമിച്ചപ്പോൾ രക്ഷിച്ച ഗോവിന്ദ സ്വാമി .
- ബദരിയിലേക്ക് കയറി തിരിഞ്ഞ് നോക്കിയപ്പോൾ ആരെയും കണ്ടില്ല.
- ഭക്തജനങ്ങളുടെ "ജയ് ബദരീനാഥ് " വിളി കേട്ടു.



- സഹജാനന്ദിന്റെ സ്വാഗതം അത്ഭുതപ്പെടുത്തി.
- ഉത്തരേന്ത്യൻ ഗ്രാമ ചിത്രങ്ങളുടെ നേർ ചിത്രം നമ്മിലേക്കെത്തിച്ചു.
- ബദരീനാഥനെ ദർശിച്ച് സായൂജ്യം നേടി

……………………………………………………………………………………………………………………